# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

## പോലീസുകാരുടെ പ്രോട്ടോകോൾ ലംഘനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :217 9/3/2015-ൽ മറുപടിക്ക്

ചോദ്യം
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

മറുപടി
രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വിവിധ ആവശ്യങ്ങൾക്കായി സന്ദർശനം നടത്തിയിട്ടുള്ള ജനപ്രതിനിധികളോട് പോലീസ് ഉദ്യോഗസ്ഥർ അപമര്യാദയായി പെരുമാറിയത് സംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ), (ബി) &(സി)<br><br>സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വിവിധ ആവശ്യങ്ങൾക്കായി സന്ദർശനം നടത്തിയിട്ടുള്ള ജനപ്രതിനിധികളോട് പോലീസ് ഉദ്യോഗസ്ഥർ അപമര്യാദയായി പെരുമാറിയത് ശ്രദ്ധയിൽ വന്നിട്ടുണ്ട്. വർക്കല മുൻസിപ്പൽ കൗൺസിലറായ ശ്രീ. വൈ. ഷാജഹാനോട് ഗ്രേഡ് എ.എസ്.ഐ ആയ ജയതിലകൻ എന്ന പോലീസ് ഉദ്യോഗസ്ഥൻ വർക്കല പോലീസ് സ്റ്റേഷനിൽ വച്ച് അപമര്യാദയായി പെരുമാറിയതു സംബന്ധിച്ച് പരാതി ലഭിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>പരാതികളുടെ നിജസ്ഥിതി പരിശോധിച്ച ശേഷം ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ഏതൊക്കെ പോലീസുദ്യോഗസ്ഥർക്കെതിരെയായിട്ടാണ് പരാതി ലഭിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ; | |
| (സി) | ഓരോ കേസുകളിലും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ